**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്-2011 കരട് ലിസ്റ്റ് അച്ചടിക്കുന്നതിനുള്ള ചെലവ് മുനിസിപ്പാലിറ്റികളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).176/2014/തസ്വഭവ തീയതി, തിരുവനന്തപുരം, 21.01.2014

---

**പരാമർശം:** 1. സ.ഉ.(സാ.ധ)നം.3086/13/തസ്വഭവ തീയതി 17.12.2013.
2. ഗ്രാമവികസന കമ്മീഷണറുടെ 21.12.2013-ലെ 12168/എസ്.ഇ.സി.സി.12/ സി.ആർ.ഡി നമ്പർ കത്ത്.

## ഉത്തരവ്

സാമൂഹ്യ സാമ്പത്തിക ജാതി സെൻസസിന്റെ കരട് ലിസ്റ്റിന്റെ പകർപ്പ് (മൂന്ന് വീതം) അച്ചടിക്കുന്നതിനും ആയതിനുള്ള ചെലവ് ഗ്രാമപഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും വഹിക്കുന്നതിനും പരാമർശം(1)ലെ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു.

2. മുനിസിപ്പാലിറ്റികളിലേയും മുനിസിപ്പൽ കോർപ്പറേഷനുകളിലേയും സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് കരട് ലിസ്റ്റിന്റെ മൂന്ന് പകർപ്പ് വീതം അച്ചടിക്കുന്നതിനും ആയതിനുള്ള ചെലവ് ജനറൽ പർപ്പസ് ഗ്രാന്റ്/തനത് ഫണ്ട്/പ്ലാൻ ഫണ്ട് ഇവയിൽ നിന്നും വഹിക്കുന്നതിനും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്ക് അനുമതി നൽകണമെന്ന് പരാമർശം (2)ലെ കത്ത് മുഖേന ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓരോ മുനിസിപ്പാലിറ്റിയും മുനിസിപ്പൽ കോർപ്പറേഷനും സാമൂഹ്യ സാമ്പത്തിക ജാതി സെൻസസിന്റെ കരട് ലിസ്റ്റിന്റെ മൂന്ന് പകർപ്പ് വീതം അച്ചടിക്കുന്നതിനും ആയതിനുള്ള

ചെലവ് മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകളുടെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും വഹിക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

അനിത ദാമോദരൻ
അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാ ജില്ലാകളക്ടർമാർക്കും
4. എല്ലാ മുനിസിപ്പൽ സെക്രട്ടറി/കോർപ്പറേഷൻ സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ